നം.വൈ(1)/51812/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 24.07.2017

# സർക്കുലർ

വിഷയം :- പൊ.വി. - 2017-18 വർഷത്തെ- സയൻസ് സെമിനാർ മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് അംഗീകൃത അൺ-എയ്ഡഡ് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന സയൻസ് സെമിനാർ മത്സരത്തിന്റെ ഈ വർഷത്തെ വിഷയം 'Swachh Bharat : Role of Science & Technology Prospects and Challengs' എന്നതാണ്. നാഷണൽ സയൻസ് സെമിനാർ മത്സരം 2017 നവംബർ 9-ാം തീയതി നടത്തുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു. ഇതിന്റെ മുന്നോടിയായി സയൻസ് സെമിനാർ മത്സരങ്ങൾ സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെ നടത്തുന്നതിനുള്ള തീയതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സ്കൂൾതലം | : | 2017 ജൂലൈ 31 ന് മുമ്പ് |
| ഉപജില്ലാതലം | : | ആഗസ്റ്റ് 7 ന് മുമ്പ് |
| റവന്യൂ ജില്ലാതലം | : | ആഗസ്റ്റ് 12 ന് മുമ്പ് |

ക്ലബ്ബ് സെക്രട്ടറിമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാരുമായി കൂടിയാലോചിച്ച് മത്സരനടത്തിപ്പിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

റവന്യൂജില്ലാതല സയൻസ് സെമിനാർ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനക്കാരായ വിദ്യാർത്ഥികളുടെ പേര്, ക്ലാസ്, സ്കൂൾ, അവതരണ ഭാഷ, രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ എന്നിവ 2017 സെപ്റ്റംബർ 1-ാം തീയതിക്കു

മുമ്പായി **ശ്രീ. ജിമ്മി കെ.ജോസ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി പി.ഒ, തിരുവനന്തപുരം-695014** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതും dpiysection@gmail.com-ൽ ഇ-മെയിൽ ചെയ്തുതരേണ്ടതുമാണ്. മത്സരത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ വിദ്യാഭ്യാസ ആഫീസർമാരുടെയും ക്ലബ്ബ് സെക്രട്ടറിമാരുടെയും സഹകരണം ഉണ്ടാകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:- 22/7

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ശാസ്ത്രവിഭാഗം റവന്യൂജില്ലാ സെക്രട്ടറിമാർക്കും
   (എല്ലാ ഉപജില്ലാ സെക്രട്ടറിമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.)